മാലിയിലേക്കുള്ള മനുഷ്യക്കടത്ത്

105 (1506) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വേണ്ടത്ര ഉറപ്പുവരുത്താതെ കേരളത്തിൽ നിന്നും ആളുകളെ മാലിയിലേക്ക് കൊണ്ടുപോകുന്നതായി എംബസി വഴിയോ കേന്ദ്ര സർക്കാർ വഴിയോ നോർക്കയ്ക്ക് അറിയിപ്പ് ലഭിച്ചിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) അറിയിപ്പിനെത്തുടർന്ന് ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉദിക്കുന്നില്ല.

മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസിക്ഷേമത്തിനായി പദ്ധതികൾ

106 (1507) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും മൂലധന-പലിശ സബ്സിഡികളോടെ വായ്പ നൽകൽ. തുടർന്ന് ജില്ലകളിൽ ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ച്, സംരംഭകർക്ക് പരിശീലനം നൽകി, അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ പദ്ധതി നടപ്പിലാക്കൽ.

2. നോർക്ക റൂട്ട്സിന്റെ Help Desk എല്ലാ ജില്ലകളിലും ആരംഭിക്കൽ.

3. ഗൾഫ് രാജ്യങ്ങളിൽ ഒന്നാംഘട്ടമായും മറ്റ് മേഖലകളിൽ തുടർന്നും നോർക്ക അഡ്വൈസറി കമ്മിറ്റികളുടെ രൂപീകരണം.

4. ഗൾഫ് മേഖലയിലെ മലയാളികളായ ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചുകൂട്ടി മടങ്ങിവന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ജോലിക്ക് അവസരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്ന പദ്ധതി.

5. പ്രവാസി ക്ഷേമനിധി നവീകരിക്കാനും കൂടുതൽ ആകർഷകമാക്കാനും 100 ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി.

6. പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള പദ്ധതി.

7. സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കെടുപ്പിക്കാൻ ഫലപ്രദമായ നടപടികൾ 100 ദിവസത്തിനുള്ളിൽ സ്വീകരിക്കുന്ന പദ്ധതി.

8. വിദേശരാജ്യങ്ങളിൽ സാംസ്കാരിക വകുപ്പുമായി കൈകോർത്ത് പ്രവാസി കലാമേളകൾ സംഘടിപ്പിക്കൽ.

9. ഇന്ത്യൻ എംബസ്സികളുമായും പ്രവാസി സംഘടനകളുമായും സഹകരിച്ച് ഗൾഫിൽ നിസ്സാരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്ക് നിയമസഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി.

(സി&ഡി) 1. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനകം 605 സംരംഭകർക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

2. നിലവിൽ നോർക്ക സെല്ലുകളില്ലാതിരുന്ന പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ കളക്ടറേറ്റുകളോടനുബന്ധിച്ച് സെല്ലുകൾ ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള ആലപ്പുഴ, വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ നോർക്ക സെല്ലുകൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സ്ഥലസൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഗൾഫ് രാജ്യങ്ങളിൽ നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

4. 2015 ജനുവരി 16 മുതൽ 17 വരെ സംഘടിപ്പിച്ച ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ (Global NRK meet) വിദേശ മലയാളി ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചുകൂട്ടുന്ന കാര്യം ചർച്ചാ വിഷയമായിരുന്നു.

5. പ്രവാസി ക്ഷേമനിധി നവീകരിക്കുന്നതിന്റെയും കൂടുതൽ ആകർഷകമാക്കുന്നതിന്റെയും ഭാഗമായി കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾക്കായി വിദ്യാഭ്യാസ ആനുകൂല്യം പദ്ധതി ആരംഭിച്ചു. 60 വയസ് പൂർത്തിയാക്കുന്ന ക്ഷേമനിധിയിലെ അംഗങ്ങൾക്കായുള്ള പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. അംഗങ്ങളുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി, ഭവന വായ്പാ പദ്ധതി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി പ്രവാസി ക്ഷേമനിധി ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകിവരുന്നു. കൂടാതെ പദ്ധതിയിൽ അംഗത്വം എടുക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 60 വയസ്സായി ഉയർത്തുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രവർത്തനമുണ്ട്. ഗുജറാത്തിലെ വിവിധ മേഖലകളിലും ഗോവ, കൊങ്കൺ, ഭിലായ്, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളായ യു.കെ, ബഹ്റിൻ, ഒമാൻ, യു.എസ്.എ. എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏകോപിത നടപടി നോർക്ക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

7. 2015 ജനുവരി 16, 17 തീയതികളിൽ നടന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ വിദേശ മലയാളികളെ സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഉതകുന്ന ചർച്ചകൾ നടത്തിയിരുന്നു.

8. വിദേശ രാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

9. പ്രവാസി ലീഗൽ അസിസ്റ്റൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിന് ഇന്ത്യൻ എംബസ്സികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ

107 (1508) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ ജോലിക്ക് റിക്രൂട്ടിംഗ് നടത്തുന്ന സ്വകാര്യ ഏജൻസികൾ, തൊഴിലന്വേഷകരെ ചൂഷണം ചെയ്ത് തട്ടിപ്പ നടത്തുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ മുന്നറിയിപ്പുകൾ അവഗണിച്ച് തൊഴിലന്വേഷകർ തട്ടിപ്പു സ്ഥാപനങ്ങളെ ആശ്രയിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly